**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.1694** **05/02/2019 -ൽ മറുപടിക്ക്**

# കോളേജുകൾക്ക് നാക് ഗ്രേഡിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്) പുതിയ ഗ്രേഡിംഗ് സംസ്ഥാനത്തെ കോളേജുകൾക്ക് തിരിച്ചടിയായിട്ടുണ്ടോ; | (എ) നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ പഴയ മാർഗ്ഗരേഖ പ്രകാരം SSR (Self Study Report) ഡീറ്റെയിൽസ് മാനുവലായാണ് കോളേജുകൾ സമർപ്പിച്ചിരുന്നത്. പുതിയ മാർഗ്ഗരേഖ പ്രകാരം നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട 70% SSR (Self Study Report) ഡീറ്റെയിൽസ് ബന്ധപ്പെട്ട ഓൺലൈൻ പോർട്ടൽ മുഖാന്തരം അപ് ലോഡ് ചെയ്യുന്നതിനും, 30% നാക് പിയർ ടീം വിസിറ്റിനുമായാണ് രൂപപ്പെടുത്തിയിരിക്കുന്നത്. SSR (Self Study Report) ഡീറ്റെയിൽസും മറ്റും ഓൺലൈൻ പോർട്ടൽ മുഖാന്തരം നടക്കുന്നതുകൊണ്ട് കൂടുതൽ സുതാര്യവും മെച്ചപ്പെട്ടതുമായിട്ടുണ്ട്. |
| (ബി) കോളേജുകൾക്ക് കേന്ദ്ര സർക്കാരിന്റെ വിവിധ ഫണ്ടുകൾ ലഭിക്കുന്നതിന് നാക്-ന്റെ ഉയർന്ന ഗ്രേഡിംഗ് നിബന്ധന മാനദണ്ഡം ആക്കിയിട്ടുണ്ടോ; | (ബി) കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നതിനായി റൂസ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നാക് അക്രെഡിറ്റേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. റൂസയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന്റെ പ്രധാന മാനദണ്ഡം സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള NAAC/NBA ഗ്രേഡാണ്. NAAC ഗ്രേഡുള്ള മുഴുവൻ സർവ്വകലാശാലകളും ഉയർന്ന NAAC ഗ്രേഡ് നേടിയ ഗവൺമെന്റ് കോളേജുകൾക്കും performing പദവി നേടിയിട്ടുള്ള അക്കാദമിക് സ്റ്റാഫ് കോളേജിനുമാണ് റൂസ 1-ന്റെ ഭാഗമായി ഫണ്ട് ലഭിച്ചിട്ടുള്ളത് . |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ കോളേജുകൾ നാക് ഗ്രേഡിംഗിൽ പുറകോട്ട് പോയത് കേന്ദ്രസർക്കാരിന്റെ വിവിധ ഫണ്ടുകൾ ലഭിക്കുന്നതിന് പ്രതിബന്ധമായ സാഹചര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ? | (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 75 സർക്കാർ കോളേജുകളിൽ നിലവിൽ 38 കോളേജുകൾക്ക് നാക് അംഗീകാരം ഉണ്ട്. ബാക്കിയുള്ള 28 എണ്ണം പുതിയ കോളേജുകളാണ്. പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ സ്റ്റാറ്റസിലേക്ക് പോകുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. ബാക്കിയുള്ള 9 കോളേജുകൾ നാക് അക്രെഡിറ്റേഷൻ ഡ്യൂ ആയവയാണ്. ആയത് നാക് അക്രെഡിറ്റേഷൻ പുതുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കോളേജുകൾക്ക് നാക് അക്രെഡിറ്റേഷന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന് (SLQAC) സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. |

Manuj M

**സെക്ഷൻ ഓഫീസർ**